സ്കൂളുകളിലേക്ക് ഐ.സി.ടി. ഉപകരണങ്ങൾ വിതരണം ചെയ്യാൻ ഉദ്ദേശമുണ്ട്. ഈ അവസരത്തിൽ കുന്ദമംഗലം മണ്ഡലത്തിലെ പ്രൈമറി സ്ക്കൂളുകൾക്കും പ്രസ്തുത ഉപകരണങ്ങൾ നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

സ്കൂളുകളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന ഹൈക്കോടതി നിർദ്ദേശം

15 (5147) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ സർക്കാർ എയിഡഡ് സ്കൂളുകളിലും കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര, എന്നീ അടിസ്ഥാനസൗകര്യങ്ങൾ രണ്ടു മാസത്തിനകം ഏർപ്പെടുത്തണമെന്ന ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോടതി വിധി നടപ്പാക്കാൻ എത്ര തുക വേണ്ടി വരുമെന്നാണ് കണക്കുകൂട്ടുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, എസ്.എസ്.എ., സ്കൂൾ മാനേജ്മെന്റ് എന്നിവയുടെ ഫണ്ട് എം.എൽ.എ. ഫണ്ട്, എം.പി.ഫണ്ട് എന്നിങ്ങനെ വിവിധ സ്രോതസ്സുകളുടെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടില്ല.

സ്വന്തമായി കെട്ടിടം ഇല്ലാത്ത സർക്കാർ സ്കൂളുകൾ

16 (5148) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര സർക്കാർ സ്കൂളുകൾ എൽ.പി., യു.പി.,ഹൈസ്ക്കൂൾ തലത്തിൽ പ്രവർത്തിക്കുന്നു ; വാടകയിനത്തിൽ ഈ സ്കൂളുകൾക്ക് പ്രതിവർഷം എത്ര തുകയാണ് ചെലവ് വരുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly